ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

(ഡി) നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനം സന്ദർശിച്ച വിദേശ പ്രതിനിധികൾ

13 [1484] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഔദ്യോഗിക സന്ദർശനത്തിനായി എത്ര വിദേശ പ്രതിനിധികൾ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദേശ പ്രതിനിധികളുടെ പേരും അവർ പ്രതിനിധീകരിക്കുന്ന സംഘടനകളുടെയും രാജ്യങ്ങളുടെയും പേരുകളും വ്യക്തമാക്കാമോ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ അതിഥികളായി എത്തിയവർ എത്ര; ഇവർ ഏതൊക്കെ ആവശ്യങ്ങളുമായിട്ടാണ് സംസ്ഥാനത്ത് സന്ദർശനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിദേശ പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്ര, എന്റർടെയിൻമെന്റ് എന്നിവയ്ക്കായി സംസ്ഥാന സർക്കാരിന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (ഡി) വരെ വിവരം ശേഖരിച്ചുവരുന്നു.

വിദേശിയുടെ പേരിലുള്ള കേസ്

14 [1485] ശ്രീമതി. മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ 293/03 നമ്പരായി ഏതെങ്കിലും വിദേശിയുടെ പേരിൽ കേസ് നിലവിലുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിലാണ് എന്നും; ഈ കേസിന്റെ വിശദ വിവരവും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇദ്ദേഹത്തിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 293/03 നമ്പരായ കേസ് കോടതിയുടെ പരിഗണനയിലാണ്

(ബി) ദുമൈസിംഗം മകൻ എസ്. സ്കന്ദകുമാർ, 18 അൻസാർ റോഡ് 28-281, ഇന്റർനാഷണൽ ഖെഷ്ഡ്സ് സിംഗപൂർ എന്നയാളുടെ പേരിൽ കോട്ടയം വെസ്റ്റ് പി. എസ്. ക്രൈം 293/03 യു എസ്. 452, 323, 324, 341, 294 (ബി), 508 (11) 34 ഐ പി സി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 15-11-2003-ന് ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോട്ടയം വില്ലേജിൽ 15-ാം വാർഡിലെ 670-ാം നംപർ പുനംപുന്നവീടിന്റെ അടുക്കള ഭാഗത്ത് പ്രതി കുറ്റകരമായി പ്രവേശിച്ച് അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന ചേർത്തല താലൂക്കിൽ കുത്തിയോടു വില്ലേജിൽ, താടിപുരയിൽ രണ്ടുചിറ വീട്ടിൽ പത്മനാഭൻ മകൻ മോഹനനെ ദേഹോപദ്രവം എൽപ്പിച്ചു എന്നതാണ് കുറ്റം.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 293/03 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ 15-11-2003 ന് ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

പുതുവൈപ്പിനിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന എൽ. എൻ. ജി. ടെർമിനൽ

15 [1486] ശ്രീ. എൻ. ശക്തൻ :
" സി. പി. മുഹമ്മദ് :
" വി. ഡി. സതീശൻ :
" ടി. എൻ. പ്രതാപൻ :
" തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിലെ പുതുവൈപ്പിനിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന എൽ.എൻ.ജി. ടെർമിനലിൽ നിന്നും ആർക്കെല്ലാം പ്രകൃതി വാതകമെടുക്കാമെന്നുള്ള ധാരണയായിരുന്നു;

(ബി) ഈ ടെർമിനൽ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly